(സി) — (ജി) 9-12-2001-ൽ ധാരണാപത്രം അനുസരിച്ച് എഗ്രിമെന്റ് ഒപ്പു വയ്ക്കുന്നതിലേക്കായി മലബാർ ക്യാൻസർ സെന്റർ സൊസൈറ്റിയും എസ്.എൻ.സി. ലാവ്‌ലിനും തയ്യാറാക്കിയ കരട് മെമ്മോറാണ്ടം ഓഫ് എഗ്രിമെന്റ് സർക്കാർ പരിശോധിച്ചപ്പോൾ സാമ്പത്തികസഹായം സമാഹരിച്ചുനൽകുന്നതിനെപ്പറ്റി വ്യക്തമായ വ്യവസ്ഥകൾ ഉണ്ടായിരുന്നില്ല എന്നുമാത്രമല്ല ധാരണാപത്രത്തിലെ ഇതു സംബന്ധിച്ച വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്ന് കാണുകയുണ്ടായി. അതിനാൽ ഇത് ഭേദഗതി ചെയ്യാൻ ആവശ്യപ്പെട്ടു. ഇതിലൊരു അനുകൂലമായ സമീപനം എസ്.എൻ.സി. ലാവ്‌ലിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. മലബാർ ക്യാൻസർ സെന്ററിന്റെ വികസനത്തിനായി തുടർന്നും ധനസഹായം നൽകാൻ നിർവ്വാഹമില്ലെന്ന് 13-10-2003-ലെ 10988/ബി1/2002/പിഡി. നമ്പർ കത്തിനു മറുപടിയായി 6-2-2004-ൽ കനേഡിയൻ ഹൈക്കമ്മീഷണർ അറിയിച്ചിരുന്നു. അതിനാൽ തുടർനടപടികൾ എടുക്കാൻ കഴിഞ്ഞില്ല.

പള്ളിവാസൽ റീഹാബിലിറ്റേഷൻ പദ്ധതി

12 [2762] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ റീഹാബിലിറ്റേഷൻ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതിക്കു രൂപം കൊടുക്കാനിടയായത് ഏതെല്ലാം സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടായിരുന്നു;

(സി) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി ഈ പദ്ധതിക്ക് അനുവാദം നൽകാതിരിക്കാൻ കാരണം എന്തായിരുന്നു; അതോറിറ്റി ബോർഡിനെ എന്തായിരുന്നു അറിയിച്ചിരുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) പള്ളിവാസൽ പുനരുദ്ധാരണ പദ്ധതിയും പള്ളിവാസൽ റീഹാബിലിറ്റേഷൻ പദ്ധതിയും ഒരേ സവിശേഷതകളോടുകൂടി രൂപപ്പെടുത്തിയതാണോ; അല്ലെങ്കിൽ വ്യത്യാസം വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) പള്ളിവാസൽ പദ്ധതിയുടെ ആദ്യഘട്ടം 1940-ലാണ് പൂർത്തിയായത്. 1952-ാം ആണ്ടോടുകൂടി എല്ലാ മെഷീനറികളും കമ്മീഷൻ ചെയ്തു. ജനറേറ്റിംഗ് സ്റ്റേഷന്റെ കാലാവധി കഴിയാറായതിനാൽ 1983-ൽ 240 മെഗാവാട്ടിന്റെ പള്ളിവാസൽ റീപ്ലേസ്മെന്റ് പദ്ധതി ബോർഡ് ആവിഷ്കരിച്ചെങ്കിലും കേന്ദ്രാനുമതി ലഭ്യമായില്ല. ഇതിനുപകരമായി 1990-ൽ 60 മെഗാവാട്ടിന്റെ പള്ളിവാസൽ റീഹാബിലിറ്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി ആവിഷ്കരിച്ചു. നിലവിലുള്ള സർജ് ഷാഫ്റ്റിൽനിന്നും പുതിയ ലോപ്രഷർ പൈപ്പും, പ്രഷർ ഷാഫ്റ്റും, 60 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഭൂഗർഭ പവർഹൗസും ഉൾപ്പെടുന്നതാണ് പ്രസ്തുത പദ്ധതി.

(സി) 1992-ൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയിലെയും സെൻട്രൽ വാട്ടർ കമ്മീഷനിലെയും വിദഗ്ദ്ധർ അടങ്ങുന്ന ടീം പദ്ധതി പ്രദേശം സന്ദർശിക്കുകയും പെൻസ്റ്റോക്കുകളും ജനറേറ്റിംഗ് എക്വിപ്മെന്റുകളും സാമാന്യം നല്ല രീതിയിൽ പ്രവർത്തിക്കുന്നതിനാൽ പദ്ധതിയുടെ റീപ്ലേസ്മെന്റ് ഉടൻ ആവശ്യമില്ലെന്ന് നിർദ്ദേശിക്കുകയും പകരമായി പുതിയ പഠനങ്ങൾ നടത്തണമെന്ന് ശുപാർശ ചെയ്യുകയുമുണ്ടായി.

(ഡി) അല്ല. പള്ളിവാസൽ റീഹാബിലിറ്റേഷൻ പദ്ധതിയിൽ നിലവിലുള്ള ജനറേറ്റിംഗ് സ്റ്റേഷനുപകരം പുതിയ ഭൂഗർഭ പവർഹൗസ് സ്ഥാപിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ പള്ളിവാസൽ പുനരുദ്ധാരണ പദ്ധതിയിൽ പവർഹൗസ് അതേപടി നിലനിർത്തിക്കൊണ്ട് മെഷീനുകളും അനുബന്ധ ഉപകരണങ്ങളും മാറ്റുകയാണ് ചെയ്തത്.

റവന്യൂ കമ്മി കുറച്ചതിന് പാരിതോഷികം

13 [2763] *ശ്രീ. ബിനോയ് വിശ്വം:*
,, *പി. നാരായണൻ:*
,, *മാങ്കോട് രാധാകൃഷ്ണൻ:*
,, *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുത ബോർഡിന്റെ 2001 മുതൽ ഓരോ വർഷത്തേയും റവന്യൂ കമ്മി എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും വർഷം റവന്യൂ കമ്മി കുറച്ചതിന് കേന്ദ്രത്തിൽനിന്നും പ്രോൽസാഹനമായി തുക ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ തുക ലഭിച്ചതുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് എന്തെങ്കിലും തരത്തിലുള്ള പാരിതോഷികങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly